**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3725 — 25.06.2013-ലെ മറുപടിയ്ക്ക്

# സഹകരണ മേഖലയിൽ റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>,, വി.ഡി.സതീശൻ<br>,, എം.എ.വാഹീദ്<br>,, വി.റ്റി.ബൽറാം | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രോജക്റ്റ് റിപ്പോർട്ട് പരിശോധിച്ചുവരുകയാണ്. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (ബി) റീട്ടെയിൽ വ്യാപാര മേഖലയിൽ പ്രാപ്തരും, വിദഗ്ധരും ആയ പ്രൊഫഷണലുകളുടെ അഭാവം അനുഭവപ്പെടുന്നതുപോലെ കൺസ്യൂമർഫെഡ്, സപ്ലൈകോ തുടങ്ങി സർക്കാർ സ്ഥാപനങ്ങളിലും ഇത്തരം അഭാവം അനുഭവപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ കൺസ്യൂമർഫെഡിന് സ്വന്തമായും, സമാന സ്ഥാപനങ്ങൾക്കും, സംസ്ഥാനത്ത് വികസിച്ചുവരുന്ന സ്വകാര്യ Mall കൾക്കും ഹൈപ്പർ മാർക്കറ്റ്/സൂപ്പർമാർക്കറ്റുകൾക്കും |

ആവശ്യമായ രീതിയിൽ മാനേജ്മെന്റ് പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ കൺസ്യൂമർ ഫെഡറേഷൻ ലക്ഷ്യമിടുന്നത്. നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് റീട്ടെയിൽ മാനേജ്മെന്റിൽ എം.ബി.എ ഡിഗ്രി നൽകുന്ന കോഴ്സ് തുടങ്ങുന്നതിനും പ്രാരംഭ ഘട്ടത്തിൽ ഇടുക്കി വാഴത്തോപ്പിൽ കെ.എസ്.ഇ.ബി-യുടെ കെട്ടിടത്തിൽ 6 മാസം പഠന ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് തുടങ്ങുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(സി) ആയതിനുള്ള തുക എങ്ങനെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രാരംഭ ഘട്ടത്തിൽ തുടങ്ങുന്ന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നതിനാവശ്യമായ കെട്ടിടം മിതമായ വാടക നിരക്കിൽ നൽകുന്നതിന് കെ.എസ്.ഇ.ബി സമ്മതം നൽകിയ സാഹചര്യത്തിൽ ഇതിനാവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 50 ലക്ഷം രൂപ കൺസ്യൂമർ ഫെഡറേഷന്റെ സ്വന്തം ഫണ്ടിൽ നിന്നും ചെലവിടുന്നതിനും ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ കൈവശത്തിലുള്ള അനുയോജ്യമായ 5 ഏക്കർ സ്ഥലം Idukki Eco Township Master Plan-ൽ ഉൾക്കൊള്ളിച്ച് സൗജന്യമായി കൺസ്യൂമർ ഫെഡിന് അനുവദിച്ചു ലഭിക്കുന്ന സാഹചര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട്

പൂർണരൂപത്തിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ കെട്ടിടം പണിയുന്നതിന് 3 കോടി രൂപ ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലഭ്യമാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. കൂടാതെ 2012-13 ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിക്കുകയും, 1000/- രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഇടുക്കി ജില്ലയിൽ അനുയോജ്യമായ 5 ഏക്കർ സ്ഥലം അനുവദിക്കുന്നതിന് ഇടുക്കി ജില്ലാ പഞ്ചായത്തിന് കൺസ്യൂമർ ഫെഡറേഷൻ അപേക്ഷ സമർപ്പിക്കുകയും, പ്രാരംഭ പ്രവർത്തനങ്ങൾക്ക് കെ.എസ്.ഇ.ബി വക കെട്ടിടം വാഴത്തോപ്പിൽ ലഭ്യമായിട്ടുള്ളതിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ക്ലാസ്സ് റൂം എന്നിവയുടെ മെയിന്റനൻസ് വർക്കുകൾ നടത്തി വരികയും, കൂടാതെ എറണാകുളം റീജിയണൽ മാനേജർ, നോഡൽ ഓഫീസറായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചുള്ള പ്രവർത്തനവും കൺസ്യൂമർ ഫെഡറേഷൻ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ